## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2008 -2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14, 2009 -2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12, , 2010 -2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12, 2011 -2012, 2012-2013 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.21 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3470/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി.23.11.2015

---

പരാമർശം : 1. കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 25.08.2014 – ലെ എ 2.4744/14 നമ്പർ കത്ത്

2. 06.08.2014 – ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24.03.2015 – തിയതിയിലെ എൽ.എഫ്.16951/പി.റ്റി3 /14 നമ്പർ കത്ത്

4. പഞ്ചായത്ത് ഡയറക്ടറുടെ 20.07.2015 – തിയതിയിലെ എം3/38600/14 നമ്പർ കത്ത്

### ഉത്തരവ്

കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2008 -2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14, 2009 -2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12, 2010 -2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12, 2011 -2012, 2012-2013 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.21 എന്നിവ പ്രകാരം കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജിനത്തിൽ പഞ്ചായത്ത് ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ തദ്ദേശവാസികൾ കൂടുതലും കർഷകരും കൂലിത്തൊഴിലാളികളുമായതിനാലും ഗുണഭോക്തൃസമിതികളിൽ നിന്നും മേൽതുക ഈടാക്കുന്നതിന് കഴിയാതിരുന്നതിനാൽ പദ്ധതി തടസ്സപ്പെട്ട് ശുദ്ധജല വിതരണം തടസ്സപ്പെടുന്ന പക്ഷം ജനവികാരം പഞ്ചായത്തിനെതിരാകുമെന്ന് അനുഭവപ്പെട്ടതിനാലുമാണ് ഇത്തരത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജിനത്തിൽ തുക ചെലവഴിച്ചതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് കറന്റ് ചാർജ് നൽകുന്നതിലെ ഓഡിറ്റ് തടസ്സം സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാവുന്നതാണെന്നും ജലനിധി പദ്ധതിയുടെ കറന്റ് ചാർജ് അടവാക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം

..........2

പരിഗണിക്കേണ്ടതില്ലെന്നും 06.08.2014 - ൽ കൂടിയ കോർഡിനേഷൻ കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം നാല് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുടാപ്പുകൾ എടുത്തു മാറ്റി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന പഞ്ചായത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും പൊതുടാപ്പുകളുടെ വിവരങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കി കുടിവെള്ള പദ്ധതികളുടെ വൈദ്യുതി [illegible] ഗുണഭോക്തൃസമിതികൾ തന്നെ തുടർന്നു വഹിക്കണമെന്ന നിബന്ധനകൾക്കു വിധേയമായും പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കുടിവെള്ള പദ്ധതിക്കു ചെലവഴിച്ച തുക എന്ന നിലയിലും കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജിനത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ സാധൂകരിക്കാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, പരാമർശം രണ്ട് പ്രകാരമുള്ള കോർഡിനേഷൻ കമ്മിറ്റി തീരുമാനം, പരാമർശം നാല് പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്ത്, പരാമർശം മൂന്ന് പ്രകാരമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കത്ത്എന്നിവയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2008 -2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 2009 -2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12, 2010 -2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12, 2011 -2012, 2012-2013 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.21 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയിരുന്ന യഥാക്രമമുള്ള 22120 രൂപാ (ഇരുപത്തി രണ്ടായിരത്തി ഒരുനൂറ്റി ഇരുപത് രൂപാ), 39320 (മുപ്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി ഇരുപത് രൂപാ), 64811 രൂപാ ( അറുപത്തി നാലായിരത്തി എണ്ണൂറ്റി പതിനൊന്ന് രൂപാ) എന്നിവക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ